LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദമായ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) അനധികൃത അന്യ സംസ്ഥാന ഭാഗ്യക്കുറികൾക്കെതിരെ കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം സെക്ഷൻ 7(3) പ്രകാരം 544 പരാതികൾ നൽകിയതിൽ കോട്ടയ്ക്കൽ പോലീസ് സ്റ്റേഷനിൽ ഒരു പരാതിയിൽ മാത്രം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 28-4-2004-ലെ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 14 പരാതികൾ നൽകിയതിൽ 13-ലും കേസ്സ് രജിസ്റ്റർ ചെയ്യുകയുണ്ടായി. കേരള സംസ്ഥാന ഭാഗ്യക്കുറി ഓൺലൈൻ ഭാഗ്യക്കുറി (നിയന്ത്രണ) നിയമം റൂൾ 24 (4) പ്രകാരം പൂട്ടി മുദ്രവച്ച ഭാഗ്യക്കുറി കേന്ദ്രങ്ങൾ വകുപ്പിന്റെ അനുമതിയില്ലാതെ തുറന്നതിനെതിരെ സംസ്ഥാനത്തുടനീളം വിവിധ പോലീസ് സ്റ്റേഷനുകളിൽ ഇൻഡ്യൻ ശിക്ഷാനിയമപ്രകാരം 33 പരാതികൾ നൽകിയതിൽ 6 പരാതികളിന്മേൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 14-10-2003-ലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 13/2003 പ്രകാരം വ്യാജ ഭാഗ്യക്കുറികളുടെ വില്പന കർശനമായി തടയാൻ ഡി.ജി.പി. ഉയർന്ന പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 5-1-2004-ലെ ജി.ഒ.(ആർടി.) നമ്പർ 29/4/നി.വ. പ്രകാരം എല്ലാ ജില്ലകളിലും പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരെ ഉൾപ്പെടുത്തി ഓൺലൈൻ ലോട്ടറിയുടെ നടത്തിപ്പിനായി എൻഫോഴ്സ്മെന്റ് ഏജൻസി രൂപീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ സെക്ഷൻ 7 (3) പ്രകാരം നിയമവിരുദ്ധമായി ഭാഗ്യക്കുറി വിൽക്കുന്നവർക്കെതിരെ ജാമ്യമില്ലാ വകുപ്പുകൾ ഉൾപ്പെടുത്തി കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിന് എല്ലാ ജില്ലാകളക്ടർമാർക്കും 31-1-2004-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) 5.26 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) ആന്റ് ഐ) ഉണ്ട്. അന്വേഷണം നടന്നുവരുന്നു. അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് സംബന്ധിച്ച പരാതി നിയമ വകുപ്പ് സെക്രട്ടറിയും, നികുതി സംബന്ധമായ ഭാഗം നികുതി വകുപ്പ് സെക്രട്ടറിയും അന്വേഷിച്ചുവരുന്നു.

സർക്കാർ ധനസഹായം ലഭിക്കുന്ന കലാസാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം

106 [377] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ധനസഹായം പറ്റുന്നതും സർക്കാർ നിയന്ത്രണത്തിലുള്ളതുമായ ഏതെല്ലാം കലാസാംസ്കാരിക സ്ഥാപനങ്ങൾ ഉണ്ടെന്നും, അവയ്ക്ക് ഓരോന്നിനും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക പ്രവർത്തനത്തിനായും സഹായധനമായും നൽകിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ നിയമിച്ച ഏതെല്ലാം കലാസാംസ്കാരിക സ്ഥാപനങ്ങളുടെ തലവൻമാർ കാലാവധി പൂർത്തിയാക്കാതെ രാജിവച്ചു എന്നും അവർ ആരെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(സി) കലാസാംസ്കാരിക അക്കാദമികളിൽനിന്നും ഈ കാലയളവിൽ എത്ര പേർക്ക് വിദേശയാത്ര നടത്തുന്നതിന് സർക്കാർ പണം ചെലവഴിച്ചു എന്നും എത്ര പേർക്ക്, എന്ത് തുക വീതമാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായിരുന്ന പ്രൊഫ. എം. തോമസ് മാത്യുവും ചലച്ചിത്ര അക്കാദമി ചെയർമാനായിരുന്ന ശ്രീ. അടൂർ ഗോപാലകൃഷ്ണനും തോന്നയ്ക്കൽ ആശാൻ സ്മാരകത്തിന്റെ ചെയർമാൻ ഡോ. എം. എം. ബഷീറും കാലാവധി പൂർത്തിയാക്കാതെ രാജിവച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ഡെപ്യൂട്ടി ഡയറക്ടർ 2003 ഒക്ടോബറിൽ വിദേശയാത്ര ചെയ്തിട്ടുണ്ട്. ഇതിലേയ്ക്ക് അക്കാദമി 51,530 രൂപ ചെലവഴിച്ചിട്ടുണ്ട്. കലാമണ്ഡലത്തിന്റെ മുൻ സെക്രട്ടറി ശ്രീ. കൽപ്പറ്റ ബാലകൃഷ്ണൻ മസ്കറ്റിൽ കലാമണ്ഡലത്തിന്റെ ഒരു സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ഇൻസ്പെക്ഷന് വിദേശ സന്ദർശനം നടത്തിയിട്ടുണ്ട്. ഇതു സർക്കാർ ചെലവിലല്ല.

നാളികേര കർഷകർ നേരിടുന്ന പ്രതിസന്ധി

107 [388] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) നാളികേര കൃഷിയുമായി ബന്ധപ്പെട്ട ഏതൊക്കെ സ്വയംഭരണ സ്ഥാപനങ്ങളാണ് നിലവിലുള്ളത്;

(സി) അവയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) കോക്കനട്ട് മിഷൻ സ്ഥാപിക്കൽ നാളികേരം എണ്ണക്കുരുവായി പ്രഖ്യാപിക്കൽ എന്നിവയുടെ പുരോഗതി അറിയിക്കുമോ;

(ഇ) പ്രായംചെന്നതും ഉല്പാദനക്ഷമതയില്ലാത്തതുമായ മുഴുവൻ തെങ്ങുകളും വെട്ടിമാറ്റി പകരം പുതിയവ നട്ടുവളർത്തുവാനുള്ള പദ്ധതി നടപ്പാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly